പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 4791

26.06.2019-ൽ മറുപടിക്ക്

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി | | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | എ) | പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം മുഴുവൻ. പ്രവൃത്തികളും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ വകയിരുത്തിയ തുക ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | തകർന്നു കിടക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത തുക എങ്ങനെ സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്ത് തകർന്ന് കിടക്കുന്ന ഗ്രാമീണ റോഡുകളുടെ പുനഃരുദ്ധാരണത്തിനായി ഗ്രാമപഞ്ചായത്തുകൾ 1316 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 576 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വാർഷിക പദ്ധതിയിലുൾപ്പെടുത്തി പദ്ധതി വിഹിതം, തനത് ഫണ്ട്, ദുരന്ത നിവാരണ വകുപ്പിൽ നിന്നുള്ള ധനസഹായം, പ്രളയബാധിത പഞ്ചായത്തുകൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക ധനസഹായം എന്നിവയിലൂടെ തുക സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം നിലവിൽ പുരോഗതിയിലുള്ള റോഡുകൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിന് പി.എം.ജി.എസ്.വൈ പദ്ധതിയിൽ പൂർത്തീകരിച്ച റോഡുകളിൽ ബാക്കിയുണ്ടാകുന്ന തുക ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരം പ്രവൃത്തി പൂർത്തീകരിച്ച റോഡുകളിൽ നിന്നും 14 കോടി രൂപ ബാക്കിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ തുക പ്രവൃത്തി പുരോഗമിക്കുന്ന മുഴുവൻ റോഡുകളുടെയും കേടുപാടുകൾ പരിഹരിക്കുന്നതിന് അപര്യാപ്തമായതിനാൽ മുൻഗണന അനുസരിച്ച് ലഭ്യമായ 14 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതിക്കും ബാക്കിയുടെ 14.42 കോടി രൂപ അനുവദിക്കുന്നതിനുമുള്ള ശുപാർശ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. |
| സി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി 1596.75 ലക്ഷം രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലാപഞ്ചായത്ത് 40 ലക്ഷം രൂപയും മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ 41.3 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

Remedios

സെക്ഷൻ ഓഫീസർ

അനുബന്ധം

## File No.PAN/7983/2019-J1(DP)

| LA Qn.No.4791 (US) –അനുബന്ധം-1 | | |
|---|---|---|
| ക്രമ നം. | ജില്ല | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ-ഗ്രാമ പഞ്ചായത്തുകൾ അനുവദിച്ച തുക (ലക്ഷത്തിൽ) |
| 1 | തിരുവനന്തപുരം | 76.96 |
| 2 | കൊല്ലം | 1274.75 |
| 3 | പത്തനംതിട്ട | 354.61 |
| 4 | ആലപ്പുഴ | 948.46 |
| 5 | കോട്ടയം | 515.74 |
| 6 | ഇടുക്കി | 678.78 |
| 7 | എറണാകുളം | 781.27 |
| 8 | പാലക്കാട് | 1044.2 |
| 9 | തൃശ്ശൂർ | 804.21 |
| 10 | മലപ്പുറം | 1921.39 |
| 11 | കോഴിക്കോട് | 1002.35 |
| 12 | കണ്ണൂർ | 945.2 |
| 13 | വയനാട് | 290.79 |
| 14 | കാസറഗോഡ് | 0 |
| **ആകെ** | | **10638.71** |

Remesh

സെക്ഷൻ ഓഫീസർ